പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1817*  11.02.2013 *ലെ മറുപടിക്ക്*

# തദ്ദേശ സ്വയംഭരണവകുപ്പിലെ വ്യാപകമായ സ്ഥലംമാറ്റങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജെയിംസ് മാത്യു : | | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി ) |
| (എ) തദ്ദേശസ്വയംഭരണ വകുപ്പിൽ, സാമ്പത്തികവർഷത്തിന്റെ അവസാനകാലത്ത് വ്യാപകമായ സ്ഥലം മാറ്റങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത സ്ഥലംമാറ്റങ്ങൾ പദ്ധതി പ്രവർത്തനത്തെ എത്രത്തോളം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) യും (ബി) യും | വ്യാപകമായ സ്ഥലംമാറ്റങ്ങൾ നടന്നിട്ടില്ല. എന്നാൽ സ്ഥലംമാറ്റമാനദണ്ഡങ്ങൾ പ്രകാരം തയ്യാറാക്കിയ ക്യൂ ലിസ്റ്റിൽ നിന്നും ഓഫീസ് പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ഭരണ സൗകര്യം മുൻനിറുത്തിയും വിരമിയ്ക്കൽ മുഖാന്തിരം ഉണ്ടായിട്ടുള്ള ഒഴിവുകളിലേയ്ക്കും പരിമിതമായ സ്ഥലംമാറ്റങ്ങൾ നടത്തിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കാത്ത രീതിയിലാണ് പരിമിതമായ സ്ഥലംമാറ്റങ്ങൾ നടത്തിയിട്ടുള്ളത്. |
| (സി) മുൻ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയത്പോലെ, വർഷത്തിലൊരിക്കൽ മാത്രം പൊതുസ്ഥലംമാറ്റം നടത്തിയും അതിനുശേഷം വരുന്ന ഒഴിവുകൾ ക്യൂ ലിസ്റ്റിൽ നിന്നും നികത്തുന്നതുമായ രീതി തുടരാൻ നടപടി സ്വീകരിക്കുമോ? | (സി) | വർഷത്തിലൊരിക്കൽ മാത്രം പൊതുസ്ഥലമാറ്റം നടത്തിയും അതിനുശേഷം വരുന്ന ഒഴിവുകൾ ക്യൂ ലിസ്റ്റിൽ നിന്നും നികത്തുന്നതുമായ രീതിയാണ് ഇപ്പോഴും തുടർന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ